DESPATCHED
On..11.02.22.....

16/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1658, 1659(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 14832, 14826/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 16**

ശ്രീ. ജോസഫ് ടി.ടി.,
തൈക്കാട്ടിൽ ഹൗസ്,
സുകൃതം,
കൈപ്പറമ്പ് പി.ഒ.,
തൃശ്ശൂർ – 680 546.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കേരള വാട്ടർ അതോറിട്ടി, പി.എച്ച്. ഡിവിഷൻ, തൃശ്ശൂർ.
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, വാട്ടർ വർക്സ് ഡിവിഷൻ, വടക്കാഞ്ചേരി, തൃശ്ശൂർ.
3) അപ്പീൽ അധികാരി, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം, കേരള വാട്ടർ അതോറിട്ടി, പി.എച്ച്.ഡിവിഷൻ, തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 26/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/03/2021 03/05/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 25/05/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/06/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 30/09/2021, 03/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/11/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 15/02/2022 –റ്റീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എസ്.പി.ഐ.ഒ. മാർ | ഹാജരായി |

## ഉത്തരവ്

ശ്രീ. ജോസഫ് ടി.ടി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജികളിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ 26.3.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ

5–ാം ഇനത്തിൽ ആവശ്യപ്പെട്ട കോൺട്രാക്ടർമാരെ നിയമിച്ച നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് അപ്പീൽ അധികാരി എസ്.പി.ഐ.ഒ.ക്ക് നിർദ്ദേശം നൽകിയിട്ടും ടി വിവരം ഇതുവരെ നൽകാൻ എസ്.പി.ഐ.ഒ. തയ്യാറായിട്ടില്ലെന്നും മറുപടികളിൽ കാണിച്ച തീയതി കഴിഞ്ഞ് 15 ദിവസം കഴിഞ്ഞാണ് രണ്ടു മറുപടിയും ലഭിച്ചതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിലെ 5–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഏതെങ്കിലും കരാറുകാർക്ക് കീഴിലാണ് കരാർ വ്യവസ്ഥയിൽ പമ്പ് ഓപ്പറേറ്റർ/വാർഡ് ഓപ്പറേറ്റർമാർ ജോലി എടുക്കുന്നത് എങ്കിൽ യഥാർത്ഥ കരാറുകാരനെ നിയമിച്ച ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നാണ്.

3. അപേക്ഷകന് മറുപടി നേരിട്ട് നൽകുന്നതിനായി മേൽപ്പടി അപേക്ഷയുടെ പകർപ്പുകൾ ഒന്നാം എതിർകക്ഷി 29.03.2021 തീയതി ടി ഡിവിഷനു കീഴിലെ വാട്ടർ വർക്സ് സബ് ഡിവിഷൻ തൃശ്ശൂർ, പി.എച്ച്. സബ് ഡിവിഷൻ ഗുരുവായൂർ, പി.എച്ച്. സബ് ഡിവിഷൻ വടക്കാഞ്ചേരി എന്നീ ഓഫീസുകളിലെ എസ്.പി.ഐ.ഒ.മാർക്ക് അയച്ചു കൊടുത്തതായി കാണുന്നു. 3.5.2021 –ന് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിലെ 5–ാം ഇനത്തിന് 'കരാറുകാരനെ നിയമിച്ചുകൊണ്ട് പ്രത്യേകിച്ച് ഉത്തരവുകളില്ല' എന്ന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ മൂന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ 5–ാം ചോദ്യത്തിന് കൃത്യമായ വിവരങ്ങൾ നൽകിയിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷിയിൽ നിന്നും മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 22.6.2021–ന് മൂന്നാം എതിർകക്ഷി കത്ത് നൽകിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജോസഫ് ടി.ടി. 26.3.2021–ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ മറുപടി നേരിട്ട് നൽകാൻ നിർദ്ദേശിച്ചുകൊണ്ട് ലഭിച്ച 8.4.2021–ലെ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ സംബന്ധിച്ച ഓഫീസ് രേഖകൾ പരിശോധിച്ച് ലഭ്യമായ എല്ലാ വിവരങ്ങളും 3.5.2021–ന് നൽകിയിട്ടുണ്ടെന്നും 25.5.2021–ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്.സർക്കിൾ, കേരള വാട്ടർ അതോറിട്ടി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ 5–ാം ചോദ്യത്തിന് വ്യക്തമായ മറുപടി

സമയബന്ധിതമായി നൽകുന്നതിലേക്കായി റിപ്പോർട്ട് പി.എച്ച്.സർക്കിൾ ഓഫീസിലേക്ക് അടിയന്തിരമായി സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യലയത്തിൽ നിന്നും 22.6.2021-ന് ലഭിച്ച അപേക്ഷകന്റെ അപ്പീൽ അപേക്ഷ പ്രകാരമുള്ള മറുപടി 9.7.2021 തീയതിയിൽ ഇ1-4319/2016 വോള്യം 2 നമ്പർ കത്ത് പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്നും വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കേണ്ട എല്ലാ രേഖകളും അപേക്ഷകന് ലഭ്യമാക്കിയിരുന്നു എന്നും 5-ാം ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന രേഖകൾ നൽകുവാൻ സാധിക്കാതിരുന്നത് നിയമന ഉത്തരവ് ഇറക്കിയിട്ടില്ലാത്തതിനാലാകുന്നു എന്നും എന്നാൽ 08/2021 മുതൽ നിയമന ഉത്തരവ് നൽകി വരുന്നുണ്ടെന്ന് വടക്കാഞ്ചേരി പി.എച്ച്. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്വെയറിൽ നിന്ന് കോൺട്രാക്ടറെ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ അപ്പീൽ അധികാരിക്ക് നൽകിയിട്ടുണ്ടെന്നും അപേക്ഷകൻ ആവശ്യപ്പെട്ട പ്രകാരം ടി ഓഫീസിൽ ലഭ്യമായ എല്ലാ രേഖകളും നൽകിയിട്ടുണ്ടെന്നും മാത്രമല്ല ഇതുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ കൂടി ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും ആയത് ഹർജിക്കാരന് അയച്ചു കൊടുക്കുന്നുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയിലെ 5-ാം ഇനത്തിന് രണ്ടാം എതിർകക്ഷി നൽകിയ 'കരാറുകാരനെ നിയമിച്ചുകൊണ്ട് പ്രത്യേകിച്ച് ഉത്തരവുകളില്ല' എന്ന മറുപടിയിലാണ് ഹർജിക്കാരന് ആക്ഷേപം ഉള്ളത് എന്ന് കാണുന്നു. എന്നാൽ തസ്തിക നിലവില്ലാത്ത അവസരത്തിൽ ജലവിതരണം തടസപ്പെടാതെ നടക്കുന്നതിന് ആവശ്യമായി വരുന്ന ജോലിക്കാരെ നിയോഗിക്കുന്നതിന് കോൺട്രാക്ടർ വഴി ലേബർ സപ്ലൈ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് ടി പ്രശ്നം പരിഹരിക്കുന്നത് എന്നും ആയത് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്ത ലൈസൻസ്ഡ് കോൺട്രാക്ടർമാരിലൂടെയാണെന്നും കാണുന്നു. ആയതിനാൽ ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരമുള്ള പ്രത്യേകിച്ചുള്ള ഉത്തരവുകൾ ഇല്ല എന്ന മറുപടിയിൽ അപാകത കാണുന്നില്ല. എന്നാൽ ഹർജിക്കാരന്റെ അപേക്ഷ ഒന്നാം എതിർകക്ഷി 29.3.2021-ന് രണ്ടാം എതിർകക്ഷിക്ക് അയച്ചു കൊടുത്തിരുന്നുവെങ്കിലും ആയതിന് 3.5.2021-നാണ് മറുപടി ലഭ്യമാക്കിയതായി കാണുന്നത്. വിവരാവകാശ നിയമപ്രകാരം സമയബന്ധിതമായി മറുപടി ലഭ്യമാക്കാത്തത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ

സംഭവിക്കാതെ ഭാവിയിൽ ശ്രദ്ധിക്കണമെന്ന് രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. വിവരാവകാശ നിയമപ്രകാരം അപ്പീൽ തീർപ്പാക്കൽ ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണ്. ഇക്കാര്യത്തിൽ 25.5.2021-ന് സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷിയിൽ നിന്നും റിപ്പോർട്ട് തേടിയതല്ലാതെ സമയബന്ധിതമായി അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിലുള്ള മൂന്നാം എതിർകക്ഷിയുടെ വിശദീകരണം 28.2.2022-നകം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്.

7. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 5-ാം ഇനത്തിന് നൽകിയ മറുപടിയിൽ തസ്തിക നിലവിലില്ലാത്ത അവസരത്തിൽ ജലവിതരണം തടസപ്പെടാതെ നടക്കുന്നതിന് ആവശ്യമായ ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിൽ നിയോഗിക്കുന്നത് കേരള ജല അതോറിട്ടി ലൈസൻസ് കരാറുകാർ മുഖേനയാണെന്നുള്ള മറുപടി കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിന് ശേഷം എതിർകക്ഷികൾ നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

8. മേൽ പ്രസ്താവിച്ച പ്രകാരം എ.പി.1658(1)/21/എസ്.ഐ.സി., എ.പി.1659(1)/21/എസ്.ഐ.സി. എന്നീ അപ്പീൽ ഹർജികൾ തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി